(ബി) മരണമടഞ്ഞവരുടെ ജില്ല തിരിച്ചുള്ള ലിസ്റ്റും മത്സ്യത്തൊഴിലാളിക്ഷേമനിധി ബോർഡ് ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളിൽനിന്നും ആനുകൂല്യങ്ങൾ ഇതിൽ എത്രപേർക്ക് നൽകിയെന്നും അറിയിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 213 മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കെ അപകടം മൂലവും മറ്റ് ആകസ്മിക കാരണങ്ങളാലും കടലിൽവെച്ച് മരണമടഞ്ഞിട്ടുണ്ട്.

(ബി) മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കെ കടലിൽവെച്ച് അപകടം മൂലമോ, മറ്റ് ആകസ്മിക കാരണങ്ങളാലോ മരണമടഞ്ഞവരുടെയും ധനസഹായം നൽകിയവരുടെയും ജില്ല തിരിച്ചുള്ള ലിസ്റ്റ് താഴെ രേഖപ്പെടുത്തുന്നു.

ജില്ല	മരണമടഞ്ഞവരുടെ എണ്ണം	മത്സ്യബോർഡിൽ നിന്നും ധനസഹായം നൽകിയവരുടെ എണ്ണം	മത്സ്യഫെഡിൽ നിന്നും ധനസഹായം നൽകിയവരുടെ എണ്ണം
തിരുവനന്തപുരം	60	41	17
കൊല്ലം	49	30	15
ആലപ്പുഴ	43	22	8
എറണാകുളം	11	10	7
തൃശൂർ	3	1	5
മലപ്പുറം	7	3	3
കോഴിക്കോട്	17	12	9
കണ്ണൂർ	11	3	7
കാസർഗോഡ്	12	9	2
ആകെ	213	131	73

'ഡി സലിനേഷൻ' പ്ലാന്റുകൾ

199 (4823) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്ക് കുടിവെള്ളം നൽകുന്നതിന് 'ഡി സലിനേഷൻ' പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടോ ; എങ്കിൽ എവിടെയൊക്കെ ; വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയിൽ ഇപ്പോൾ എത്രയെണ്ണം പ്രവർത്തിക്കുന്നണ്ട് ; വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ;

(സി) പ്രവർത്തിക്കാത്ത പ്ലാന്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിനും പ്ലാന്റുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയത് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികൾക്ക് കുടിവെള്ളം നൽകുന്നതിന് തീരസമൃദ്ധി പദ്ധതിയിൽ ഉൾപ്പെടുത്തി എറണാകുളം ജില്ലയിലെ മൂന്നു പഞ്ചായത്തുകളിൽ 'ഡി സലിനേഷൻ' പ്ലാന്റുകൾ സ്ഥാപിച്ച് അതാത് പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

1. 20,000 LPD കപ്പാസിറ്റിയുള്ള ഡി സാലിനേഷൻ പ്ലാന്റ് 27-7-2005-ൽ ചെല്ലാനം ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. (ചെലവ് 10.18 ലക്ഷം രൂപ)

2. 20,000 LPD കപ്പാസിറ്റിയുള്ള ഡി സാലിനേഷൻ പ്ലാന്റ് 16-1-2006-ൽ മുളവുകാട് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. (ചെലവ് 10.91 ലക്ഷം രൂപ)

3. 20,000 LPD കപ്പാസിറ്റിയുള്ള ഡി സാലിനേഷൻ പ്ലാന്റ് 4-7-2006-ൽ കടമക്കുടി പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. (ചെലവ് 10.33 ലക്ഷം രൂപ)

(ബി) ചെല്ലാനം ഗ്രാമപഞ്ചായത്തിലെ മുതക്കുപുറത്തെ ഡി സാലിനേഷൻ പ്ലാന്റ് മാത്രമേ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളു.

(സി) പ്ലാന്റുകൾ നിർമ്മിച്ചു കൈമാറുക മാത്രമേ ഫിഷറീസ് വകുപ്പ് ചെയ്തിട്ടുള്ളു. അവയുടെ മെയിന്റനൻസും മറ്റും തദ്ദേശഭരണസ്ഥാപനങ്ങളാണ് നിർവ്വഹിക്കേണ്ടത്.

മത്സ്യ വിൽപ്പന നടത്തുന്നവർക്ക് ആനുകൂല്യങ്ങൾ

200 (4824) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യം വിൽപ്പന നടത്തി ഉപജീവനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് സർക്കാർ നടപ്പാക്കിയിട്ടുള്ളത് ;

(ബി) കണ്ണൂർ ജില്ലയിൽ മത്സ്യഫെഡുമായി അഫിലിയേറ്റ് ചെയ്ത സഹകരണ സംഘങ്ങൾ ഏതൊക്കെ എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly